പതിനാലാം കേരള നിയമസഭ

നാലാം സമ്മേളനം

| | |
|---|---|
| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3727 | 14.03.2017 ൽ മറുപടിയ്ക്ക് |
| **അതിക്രമങ്ങൾക്ക് ഇരയാകുന്ന സ്ത്രീകൾക്കും കുട്ടികൾക്കും സേവനം നൽകുന്ന പദ്ധതികൾ** | |
| ചോദ്യം | ഉത്തരം |
| **ശ്രീമതി.പി. അയിഷാ പോറ്റി** | **ശ്രീമതി കെ.കെ.ശൈലജ ടീച്ചർ (ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി)** |
| (എ) സംസ്ഥാനത്ത് അതിക്രമങ്ങൾക്ക് ഇരയാകുന്ന സ്ത്രീകൾക്കും കുട്ടികൾക്കും സേവനം നൽകുന്നതിന് രൂപം നൽകിയ ഏതെല്ലാം പദ്ധതികളാണ് നിലവിലുള്ളത്; ഓരോ പദ്ധതി പ്രകാരവും നൽകുന്ന സേവനങ്ങളുടെ വിശദാംശങ്ങൾ നൽകുമോ; | (എ) സംസ്ഥാനത്ത് അതിക്രമങ്ങൾക്ക് ഇരയാകുന്ന സ്ത്രീകൾക്കും കുട്ടികൾക്കും സേവനം നൽകുന്നതിന് രൂപം നൽകിയ പദ്ധതികൾ സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്. |
| (ബി) പ്രസ്തുത പദ്ധതികൾ കാര്യക്ഷമമായി നടപ്പിലാക്കുന്നുണ്ടോ എന്ന് പരിശോധിക്കുന്നതിന് നിലവിലുള്ള സംവിധാനങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ? | (ബി)നിർഭയ പദ്ധതി കാര്യക്ഷമമായി നടപ്പിലാക്കുന്നുണ്ടോ എന്ന് പരിശോധിക്കുന്നതിനായി സാമൂഹ്യനീതി വകുപ്പിന്റെ സ്ഥിര അവലോകനങ്ങൾക്കു പുറമേ ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി ചെയർപേഴ്സണായ 18 അംഗ എക്സിക്യൂട്ടീവ് കമ്മിറ്റി പദ്ധതികളുടെ അവലോകനം കാലാകാലങ്ങളിൽ നടത്താറുണ്ട്. കുട്ടികളുടെ സംരക്ഷണത്തിനായുള്ള നിയമങ്ങൾ സംസ്ഥാനത്ത് നടപ്പിലാക്കുവാൻ സംസ്ഥാന തലത്തിൽ സ്റ്റേറ്റ് ചൈൽഡ് പ്രൊട്ടക്ഷൻ സൊസൈറ്റിയും ജില്ലാ തലങ്ങളിൽ ജില്ലാ ശിശു സംരക്ഷണ യൂണിറ്റുകളും പ്രവർത്തിക്കുന്നുണ്ട്. ജുവനൈൽ ജസ്റ്റിസ് ആക്ട് നടപ്പിലാക്കുന്നത് നിരീക്ഷിക്കുന്നതിനായി ബാലാവകാശ സംരക്ഷണ കമ്മീഷനും പ്രവർത്തിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ

അനുബന്ധം

## I. നിർഭയ പദ്ധതി

സംസ്ഥാനത്ത് അതിക്രമങ്ങൾക്ക് ഇരയാകുന്ന സ്ത്രീകൾക്കും കുട്ടികൾക്കും സേവനം നൽകുന്നതിന് നിർഭയ പദ്ധതിയ്ക്ക് രൂപം നൽകിയിട്ടുണ്ട്. പ്രസ്തുത പദ്ധതിയിലൂടെ താഴെ പറയുന്ന ലക്ഷ്യങ്ങൾ കൈവരിക്കാൻ സാധിക്കുന്നതാണ്.

### (1) പ്രതിരോധം

സ്ത്രീകൾക്കും കുട്ടികൾക്കും എതിരെയുള്ള ലൈംഗിക അതിക്രമങ്ങൾ തടയുന്നതിനുള്ള പ്രവർത്തനങ്ങൾ.

### (2) സംരക്ഷണം

ലൈംഗികാതിക്രമങ്ങൾക്ക് വിധേയരായവരുടെ സമഗ്ര ഉന്നമനത്തിനാവശ്യമായ സംരക്ഷണ സേവനങ്ങൾ നിർഭയ ഷെൽട്ടർ ഹോമുകൾ വഴി നൽകി വരുന്നു.

### (3) വിചാരണ

നിർഭയ ഷെൽട്ടർ ഹോം താമസക്കാർക്ക് സൗജന്യ നിയമസഹായവും കുറ്റക്കാരെ നിയമത്തിനു മുന്നിൽ കൊണ്ടു വരാനുള്ള നടപടിക്രമങ്ങളും സ്വീകരിക്കുന്നു.

### (4) പുനരധിവാസവും പുനരേകീകരണവും

ലൈംഗിക അതിക്രമത്തിനും വാണിഭത്തിനും വിധേയരായവരെ പുനരധിവസിപ്പിക്കുന്നതിനും സമൂഹത്തിന്റെ മുഖ്യധാരയിലേയ്ക്ക് പുനരേകീകരിക്കുന്നതിനും ആവശ്യമായ സേവനങ്ങൾ നൽകുന്നു.

### (5) നിർഭയ ടോൾ ഫ്രീ ഹെൽപ്പ് ലൈൻ നമ്പർ

അത്യാവശ്യ ഘട്ടങ്ങളിൽ സമീപിക്കുന്നതിനായി 24 മണിക്കൂർ പ്രവർത്തിക്കുന്ന നിർഭയ ഹെൽപ്പ് ലൈൻ 1800 425 1400 പ്രവർത്തിച്ചു വരുന്നു.

## II. വൺ സ്റ്റോപ്പ് സെന്റർ

കേന്ദ്ര സർക്കാരിന്റെ 100% ധനസഹായത്തോടെ വീഡിയോ കോൺഫറൻസിംഗ് സംവിധാനം, എമർജൻസി ഷോർട്ട് സ്റ്റേ ഹോം, വൈദ്യ സഹായം, കൗൺസലിംഗ്, പോലീസിന്റെ സഹായം, നിയമസഹായം എന്നീ സേവനങ്ങൾ സൗജന്യമായി ലഭ്യമാക്കുന്നതിന് തിരുവനന്തപുരത്ത് വൺ സ്റ്റോപ്പ് സെന്റർ സ്ഥാപിച്ചു വരുന്നു. കേന്ദ്ര സർക്കാരിന്റെ റിവൈസ്ഡ് വൺ സ്റ്റോപ്പ് സെന്റർ സ്കീം പ്രകാരം തൃശ്ശൂർ, മലപ്പുറം, വയനാട്, കണ്ണൂർ എന്നീ നാല് ജില്ലകളിൽ വൺ സ്റ്റോപ്പ് സെന്റർ ആരംഭിക്കുന്നതിനുള്ള അനുമതി ലഭിച്ചിട്ടുണ്ട്. അതാതു ജില്ലാ മാനേജ്മെന്റ് കമ്മിറ്റിയുടെ നേതൃത്വത്തിൽ ടി വൺ സ്റ്റോപ്പ് സെന്ററുകൾ സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

## III. Victim Rehabilitation Scheme

അതിക്രമങ്ങൾക്ക് ഇരയാകുന്ന് മുഴുവൻ ആളുകൾക്കും ഇര മരണപ്പെടുകയാണെങ്കിൽ അവരുടെ ആശ്രിതർക്കും നഷ്ടപരിഹാരം നൽകുന്ന Victim Rehabilitation Scheme നടപ്പിലാക്കുന്നുണ്ട്. ബിപിഎൽ വിഭാഗത്തിൽപ്പെട്ടവരെയാണ് ഇതിനായി പരിഗണിക്കുക. പരമാവധി 10,000/- രൂപയാണ് നഷ്ടപരിഹാരമായി നൽകുന്നത്. പ്രൊബേഷൻ ഓഫീസർമാർ മുഖാന്തിരം നടപ്പിലാക്കി വരുന്ന പ്രസ്തുത പദ്ധതി കളക്ടർ ചെയർമാനായുള്ള കമ്മിറ്റിയാണ് അംഗീകരിച്ച് നൽകുന്നത്. ടി പദ്ധതി കാര്യക്ഷമമായി നടപ്പിലാക്കുന്നതിന്റെ ഭാഗമായി പ്രൊബേഷൻ ഓഫീസർമാർ എല്ലാ സാമ്പത്തിക വർഷാരംഭത്തിലും ടി പദ്ധതിയ്ക്ക് വ്യാപകമായ പ്രചാരം നൽകുകയും, ലഭ്യമാകുന്ന അപേക്ഷകൾക്ക് സമയബന്ധിതമായി ധനസഹായം നൽകുകയും ചെയ്തു വരുന്നു.

## IV. ഗാർഹിക പീഡനത്തിനിരയായവർക്കുള്ള ധനസഹായം

ഗാർഹിക പീഡനത്തിനിരയായവർക്ക് പുനരധിവാസത്തിനായി ധനസഹായം നൽകി വരുന്നു. ലഭിക്കുന്ന അപേക്ഷകളിൽ വനിതാ പ്രൊട്ടക്ഷൻ ഓഫീസർ അന്വേഷണം നടത്തി കളക്ടർ ചെയർമാനായ ജില്ലാ മോണറ്ററിംഗ് ആന്റ് കോർഡിനേഷൻ കമ്മിറ്റിയുടെ ശുപാർശയിന്മേൽ ധനസഹായം അനുവദിക്കുന്നതാണ്.

## V. സംയോജിത ശിശു സംരക്ഷണ പദ്ധതി

കുട്ടികളുടെ അവകാശ സംരക്ഷണത്തിനും സുരക്ഷ ഉറപ്പു വരുത്തുന്നതിനും വേണ്ടി വിവിധ ഏജൻസികളെ സംയോജിപ്പിച്ചു കൊണ്ട് സംയോജിത ശിശു സംരക്ഷണ പദ്ധതി 2009 മുതൽ നടപ്പിലാക്കി വരുന്നു. ലൈംഗികാതിക്രമങ്ങളിൽ നിന്നും കുട്ടികളെ സംരക്ഷിക്കുന്നതിനായി രൂപീകരിച്ച ലൈംഗികാതിക്രമങ്ങളിൽ നിന്നും കുട്ടികളെ സംരക്ഷിക്കുന്ന ആക്ട് 2012 (POCSO Act 2012) സംസ്ഥാനത്ത് ഫലപ്രദമായി നടപ്പിലാക്കി വരുന്നു. സംസ്ഥാനത്ത് ഇത് സംബന്ധിച്ചുള്ള പ്രവർത്തനങ്ങൾ ബാലാവകാശ സംരക്ഷണ കമ്മീഷൻ നിരീക്ഷിക്കുകയും ചെയ്യുന്നുണ്ട്. ലൈംഗികാതിക്രമങ്ങൾ പോലെയുള്ള ബാലപീഡനങ്ങൾക്ക് ഇരയാകുന്ന കുട്ടികൾക്ക് വേണ്ട സംരക്ഷണ പ്രവർത്തനങ്ങൾ സംബന്ധിച്ച് തീരുമാനം എടുക്കുന്നതിനും, വേണ്ട നടപടികൾ സ്വീകരിക്കുന്നതിനും Child Welfare Committee (CWC) എല്ലാ ജില്ലയിലും പ്രവർത്തിക്കുന്നുണ്ട്.

കുട്ടികൾക്ക് നേരെയുള്ള അതിക്രമങ്ങൾക്കെതിരെയും ബാലാവകാശ ലംഘനങ്ങൾക്കെതിരെയും നടപടി സ്വീകരിക്കുന്നതിന് അഡീഷണൽ ജില്ലാ & സെഷൻസ് കോടതികളെ അധികാരപ്പെടുത്തിക്കൊണ്ട് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ജില്ലാ ചൈൽഡ് പ്രൊട്ടക്ഷൻ യൂണിറ്റുകൾ, ചൈൽഡ് ലൈൻ എന്നിവ മുഖാന്തിരം കുട്ടികൾക്കെതിരെയുള്ള ശാരീരിക ലൈംഗികാതിക്രമങ്ങൾ തടയാൻ ഔട്ട് റീച്ച് പരിപാടികൾ, കൗൺസലിംഗ്, സ്കൂൾ/ കമ്മ്യൂണിറ്റി/പഞ്ചായത്ത്/ജില്ലാതല ബോധവൽക്കരണ പരിപാടികൾ എന്നിവ സംയോജിത ശിശു സംരക്ഷണ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. Protection of Children from Sexual Offences (POCSO) Act 2012 നെ സംബന്ധിച്ച പരിശീലന ബോധവൽക്കരണ പ്രചാരണ പരിപാടികളും സംഘടിപ്പിക്കുന്നുണ്ട്. കുട്ടികൾക്കെതിരെയുള്ള പീഡനങ്ങൾ തടയുന്നതിനായി ബാലസുരക്ഷ എന്ന പേരിൽ വിശദമായ പ്രിവൻഷൻ പ്രോട്ടോകോൾ (Prevention Protocol) പുറപ്പെടുവിച്ചിട്ടുണ്ട്.

പീഡനത്തിനിരയാകുന്ന കുട്ടികൾക്ക് POCSO Act പ്രകാരം നഷ്ടപരിഹാരം നൽകുന്നതിന് ഉത്തരവിടാനുള്ള അധികാരം സ്പെഷ്യൽ കോടതികൾക്കാണ്. കുറ്റകൃത്യം കൊണ്ട് കുട്ടിയ്ക്ക് നഷ്ടമോ പരിക്കോ ഉണ്ടായിട്ടുണ്ടെങ്കിൽ സ്പെഷ്യൽ കോടതിയ്ക്ക് നഷ്ടപരിഹാരത്തിന് ഉത്തരവിടാവുന്നതാണ്. ഈ തുക നൽകേണ്ടത് സംസ്ഥാന സർക്കാരാണ്. ക്രിമിനൽ നടപടിക്രമത്തിന്റെ 357 എ പ്രകാരം Victim Compensation Fund ൽ നിന്നോ കുറ്റകൃത്യം അതിജീവിച്ചവർക്ക് നഷ്ടപരിഹാരം നൽകുന്നതിനും പുനരധിവസിപ്പിക്കുന്നതിനും രൂപീകരിച്ചുള്ള മറ്റു പദ്ധതിയിൽ നിന്നോ ഫണ്ടിൽ നിന്നോ അത്തരം യാതൊരു ഫണ്ടും നിലവിലില്ലെങ്കിൽ സംസ്ഥാന സർക്കാർ നേരിട്ടോ നഷ്ടപരിഹാരം നൽകുന്നുണ്ട്. സ്പെഷ്യൽ കോടതിയുടെ ഉത്തരവ് കിട്ടി 30 ദിവസത്തിനകം സംസ്ഥാന സർക്കാർ നഷ്ടപരിഹാര തുക നൽകുന്നുണ്ട്. കൂടാതെ മാസ്റ്റർ ഷഫീക്ക് കമ്മിറ്റിയുടെ റിപ്പോർട്ടിലെ ശുപാർശകൾ പ്രകാരം പീഡനത്തിനിരയാകുന്ന കുട്ടികൾക്ക് അടിയന്തിര സഹായം നൽകുന്നതിനായി എല്ലാ ജില്ലാ ശിശു സംരക്ഷണ ഓഫീസർമാർക്കും 20,000/- രൂപ കരുതൽ തുകയായി അനുവദിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ